# ദൈവാനുഭവത്തിന്റെ പുൽക്കൂടുതേടി

മഞ്ഞിൽകുളിച്ച രാവും,
ഇലപോഴിയുന്ന വൃക്ഷങ്ങളും,
മിന്നിമറയുന്ന നക്ഷത്രക്കുഞ്ഞുങ്ങളും,
ചൂടുപകരുന്ന നെരിപ്പോടുകളുമെല്ലാം ക്രിസ്തുമസ്സിന്റെ സ്വപ്നങ്ങളാണ്. ‘‘ആകാശ മേഘങ്ങളെ മഞ്ഞുവർഷിക്കുക, ഒപ്പം ഒരു രക്ഷകനേയും ഞങ്ങൾക്കു തരിക’’ എന്ന ഇസ്രാ യേൽ ജനതയുടെ നിലവിളിയുടെ പ്രത്യുത്തരമായിരുന്നു ക്രിസ്തുമസ്സ്.

പരിധികളില്ലാത്ത പിതൃവാത്സല്യത്തിന്റെ ഇടനെഞ്ചിലേയ്ക്ക് ‘‘നീയും’’ ദത്തെ ടുക്കപ്പെട്ട രാത്രി.....

പാതിരാനിലാവിന്റെ നിറഞ്ഞ നിശബ്തതയിൽ, ആത്മവിനയത്തിന്റെ ഏകാന്ത മുഹൂർത്തത്തിൽ സ്വർഗ്ഗം ഭൂമിയെ കുനിഞ്ഞു ചുംബിച്ചു. ഭൂമിയിലെ ശാന്തസ്വഭാവികളും നിരുപദ്രവകാരികളുമായ ആടുമാടുകൾ ആ തിരുപ്പിറവിക്ക് സാക്ഷ്യം വഹിച്ചു....

മരം കോച്ചുന്ന തണുപ്പിൽ ബത്‌ലഹേമിലെ കുന്നിൻ ചെരുവിൽ തീ പൂട്ടി ഉറ ക്കമിളച്ചിരുന്ന നന്മനിറഞ്ഞ കുറെ ഇടയന്മാർക്ക് രക്ഷാകരസംഭവം ആദ്യമായി വെളിപ്പെ ട്ടു. വചനം കേട്ടാൽ അത് തിരിച്ചറിയുവാനും ഉടനെ അനുസരിക്കുവാനും പഠിച്ചവരായി രുന്നു അവർ.

‘‘നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു’’ എന്ന സദ്വാർത്ത ദൈവദൂ തൻ അരുളിച്ചെയ്തപ്പോൾ അരുളപ്പാടുകളുടെ അർത്ഥം മനസ്സിലാക്കി എടുക്കുവാൻ വച നവ്യാഖ്യാനത്തിന്റെ സാങ്കേതിക ഉപകരണങ്ങൾക്കൊണ്ട് ബുദ്ധിയുടെ അറകളിൽ പരതി സമയം കളയാതെ അവർ പരസ്പരം പറഞ്ഞു ‘‘നമുക്കു ബത്‌ലഹേമിൽ പോയി ഉണ്ണിയെ ക്കാണാം’’.

കാഴ്ചകൾ സമർപ്പിച്ച് ആരാധനയോടെ ലോകരക്ഷകനായ ദിവ്യപൈതലിനെ ഉറ്റു നോക്കിയ ഇടയർക്ക് അത്ഭുതം ദർശിക്കാൻ കഴിഞ്ഞു. മിഴിപൂട്ടി സ്വർഗ്ഗത്തിന്റെ കിനാ ക്കളിൽനിന്നിനിയും ഉണരാത്ത ദൈവത്തിന്റെ ഉണ്ണി!... ആകാശവും,..... നക്ഷത്രജാലങ്ങ ളും.....കൈവെള്ളയിലൊതുക്കുവാനായിട്ടും ഇപ്പോൾ അവൻ രാത്രിയുടെ നിഴൽ കൊണ്ട് തൃപ്തിപ്പെടുന്നു..... സൂര്യപ്രകാശത്തിനുടയവനായിരുന്നിട്ടും തണുത്തു വിറച്ചുകിടക്കു ന്നു..... ലോകം മുഴുവൻ സ്വന്തമായുള്ളവൻ കാലിത്തൊഴുത്തിൽ... വിസ്മയിപ്പിക്കുന്ന ഈ വൈരുധ്യങ്ങളെല്ലാം ദൈവീക ഇടപാടുകളായി സ്വാംശീകരിച്ച ആ ഇടയന്മാർക്ക് ദിവ്യ ഉണ്ണിയുടെ ദർശനം ദൈവാനുഭവമായി മാറി.

സ്വന്തം സുരക്ഷിതത്വവും സുഖവും വെടിഞ്ഞ് ഉറക്കമിളച്ച് കാവലിരുന്ന ഇട യന്മാർക്കു ലഭിച്ച ഈ ദൈവാനുഭവം ക്രിസ്തുമസ്സിലെ ഒരു തിരിച്ചറിവാണ്. കണ്ണു പൂട്ടാതെ അവർ കാവലിരുന്നത് ആടുകളുടെ സുരക്ഷത്വത്തിനു വേണ്ടിയായിരുന്നു. ‘‘ഞാൻ സഹോ ദരന്റെ കാവൽക്കാരനാണോ’’ എന്നുചോദിച്ചവന് ഭൂമിയിൽ ഉഴലാനായിരുന്നു വിധി. എന്നാൽ മറ്റുള്ളവർക്ക് അഭയമാകുന്നവന് രക്ഷയും സമാധാനവും ലഭിക്കും.

ഇന്നു നാം മറ്റുള്ളവരെ മാറ്റി നിർത്തിയോ, അവരിൽ നിന്നൊഴിഞ്ഞുമാറിയോ ഒക്കെയാണ് സമാധാനം തേടുന്നത് . തന്നെപ്പോലെ അല്ലാത്തവനെ ഒഴിവാക്കിയാലേ സ്വസ്ഥത ലഭിക്കൂ എന്നവൻ ചിന്തിക്കുന്നു.

എന്നാൽ ക്രിസ്തുമസ്സ് തരുന്ന ചിന്ത മറ്റൊന്നാണ്. ചെന്നായും ആട്ടിൻകുട്ടിയും ഒന്നിച്ചുവസിച്ച് ഒന്നു മറ്റൊന്നിന് കാവലാകുന്ന ഒരു ലോകമാണത്. പുൽക്കൂട്ടിൽ മാലാഖായും, രാജാക്കന്മാരും, ഇടയന്മാരും, ആടുകളും, പശുക്കളും, പുൽനാമ്പുകളും ഒരേ ബിന്ദുവിൽ കേന്ദ്രീകരിച്ചുകൊണ്ട്, ഒന്നു മറ്റൊന്നിനു കാവലായി ഒരുമിച്ചു വരുന്നതുപോലെ.

ആദ്യത്തെ ക്രിസ്തുമസ്സ് ദൈവാനുഭവമാക്കി മാറ്റിയ മറ്റൊരു കൂട്ടരാണ് ജ്ഞാനികൾ. പ്രപഞ്ച സത്യങ്ങളെപ്പറ്റിയുള്ള അറിവുകൾ ലഭ്യമായിരുന്നിട്ടും സത്യത്തിന്റെ കുത്തക തങ്ങളുടെ മസ്തിഷ്കത്തിൽ ഒതുങ്ങി നിൽക്കുന്നു എന്നവർ കരുതിയില്ല. അവിചാരിതമായി കണ്ട നക്ഷത്രം ഇനിയും കണ്ടെത്തുവാനുള്ള സത്യത്തിന്റെ ചൂണ്ടുപലകകളായി അവർക്കനുഭവപ്പെട്ടു. ദൂരദേശങ്ങളിലേയ്ക്ക് അവർ യാത്രയായി. സത്യം തേടിയുള്ള ഈ യാത്ര അവരെ ദൈവസന്നിധിയിൽ കൊണ്ടു ചെന്നെത്തിച്ചു.

പാണ്ഡിത്യവും അധികാരവുമെല്ലാം അന്വേഷണത്തിന്റെ ഒടുക്കമായും സത്യത്തിന്റെ കബറായും മാറുന്നത് നാമീ ലോകത്തിൽ കണ്ടു കൊണ്ടേയിരിക്കുന്നു. അധികാരഗർവ്വിൽ വാണ ഹേറോദ്ദേസിന് രക്ഷകനെ കാണാനായില്ലെന്നു മാത്രമല്ല, രക്ഷകന്റെ ആഗമനം അവനെ പരിഭ്രാന്തനാക്കുകയും ചെയ്തു. സ്വന്തം നേട്ടങ്ങളിലഹങ്കരിക്കുന്നവൻ തെളിയുവാൻ തുടങ്ങുന്ന ദീപത്തെ തല്ലിക്കെടുത്തുന്നവനായി പരിണമിക്കുന്നു. ദൈവത്തെപ്പറ്റിയുള്ള അറിവ് അന്വേഷണമായും, അന്വേഷണം ദൈവാനുഭവമായും മാറുമ്പോൾ ക്രിസ്തുമസ്സ് അർത്ഥമുള്ളതായിത്തീരുന്നു.

2009 – ലെ ക്രിസ്തുമസ്സ് – ഈ ക്രിസ്തുമസ്സ് നമുക്ക് തിരിച്ചറിവിന്റേതായിരിക്കട്ടെ. എളിമയുള്ള ഹൃദയങ്ങൾക്കുപകരിക്കുന്ന രക്ഷയുടെ സന്ദേശങ്ങൾ, സഹോദരന് അഭയമാകുമ്പോൾ ലഭിക്കുന്ന സമാധാനവും, സംതൃപ്തിയും, വിസ്മയിപ്പിക്കുന്ന ജീവിത വൈരുദ്ധ്യങ്ങൾ ദൈവികവെളിപാടുകളെന്ന കണ്ടെത്തൽ..... ദൈവിക സത്യങ്ങളുടെ മുന്നിൽ വിനീതരായി ഹൃദയം തുറക്കുമ്പോൾ ലഭിക്കുന്ന ദൈവാനുഭവം..... എല്ലാം ക്രിസ്തുമസ്സ് നമുക്കു നല്കുന്ന തിരിച്ചറിവുകളാണ്. ഈ തിരിച്ചറിവുകൾ നമ്മെ ഉണർത്തട്ടെ അവ നമ്മെ ദൈവത്തിലേയ്ക്കും ദൈവത്തിൽനിന്നും സഹോദരനിലേയ്ക്കും നമ്മെ കൊണ്ടു ചെന്നെത്തിക്കട്ടെ.

**അമ്പിളി എ.ജെ**